കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

*പ്രസിദ്ധീകരണത്തിന്*

തീയതി 02.06.2020

# മ്യൂസിയം റോഡിന്റെ നടപ്പാതയിൽ മുറിച്ച മരങ്ങൾ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകി – മന്ത്രി ജി.സുധാകരൻ

ഔദ്യോഗിക വസതിയിൽ നിന്നും സെക്രട്ടറിയേറ്റിലേക്ക് പോകും വഴി മ്യൂസിയം റോഡിൽ നന്ദൻകോട് ഭാഗത്തായി നടപ്പാതയിൽ മരച്ചില്ലകളും മറ്റും കൂട്ടി യിട്ടിരിക്കുന്നതിനാൽ കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധ യിൽപെട്ട ഉടൻ തന്നെ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറെ ഫോണിൽ വിളിച്ച് മരച്ചില്ലകളും മറ്റും നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകിയതായി മന്ത്രി ജി. സുധാകരൻ അറിയിച്ചു.

സംഭവത്തിൽ സിറ്റി പോലീസ് കമ്മീഷണർ ഇടപെടുകയും 3 മണിയോടു കൂടി മരച്ചില്ലകളും മറ്റും നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ നിരുത്തരവാദപരമായി പെരുമാറിയ ഉദ്യോഗസ്ഥർ ആരെന്ന് കണ്ടെത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീരിക്കുന്നതിനും നിർദ്ദേശം നൽകി യതായി മന്ത്രി ജി. സുധാകരൻ അറിയിച്ചു.